## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2082 05.12.2018-ൽ മറുപടിക്ക്

### പോലീസ് സേനയുടെ കാര്യക്ഷമമായ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിൽ ശാസ്ത്രീയമായി അന്വേഷണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന സൈബർ പോലീസ് സ്റ്റേഷനു പുറമെ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചുത്തരവായിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ., സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കൂടാതെ സി-ഡാക്ക് വികസിപ്പിച്ച Cyber Check Suit, Winlift, True Imager, Simextractor, Mobile Check Suit, Net Force Suit, Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ് വെയർ /സോഫ്റ്റ് വെയർ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനു വേണ്ടി സി-ഡാക്കിൽ നിന്നും പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ പോലീസ് സേനയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എത്രമാത്രം സഹായകരമായി എന്ന് വെളിപ്പെടുത്തുമോ; | (ബി) പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നേരിട്ടെത്താതെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ THUNA, ജനസൗഹൃദ മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയും, പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തിര സഹായങ്ങൾ ലഭ്യമാക്കുക തുടങ്ങിയ |

| | |
|---|---|
| | ഉദ്ദേശ്യത്തോടെ Pink Police Patrolling സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ Crime and Criminal Trading Network Systems, Child Friendly Police Station, എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകൾ എന്നീ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പോലീസ് ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല നൽകിയിട്ടുള്ളതിന്റെ ഫലമായി കുറ്റാന്വേഷണവും, ക്രമസമാധാന പാലനവും വേർതിരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ നിയമപരമായ അവബോധം, നൂതന സാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവ്, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം എന്നിവയ്ക്കായി പോലീസുദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിക്കുകയും, പോലീസ് സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങൾക്ക് വേണ്ട സഹായം ലഭ്യമാക്കുന്നതായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ പി.ആർ.ഒ. ആയി നിയമിച്ചിട്ടുള്ളതുമാണ്. സൈബർ സെല്ലുകളുടെ പ്രവർത്തനവും സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നൽകി വരുന്ന പരിശീലനങ്ങളും പോലീസ് സേനയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വളരെയധികം സഹായകമാണ്. കാലാകാലങ്ങളിൽ പോലീസ് വകുപ്പിൽ നടത്തി വരുന്ന ആധുനികവൽക്കരണം പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമായിട്ടുള്ളതാണ്. |
| (സി) രാഷ്ട്രീയമായ ഇടപെടലുകൾ പോലീസിന്റെ അന്വേഷണങ്ങളെ കാര്യമായി ബാധിക്കുന്നുവെന്നും അവർക്ക് നിഷ്പക്ഷമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ലായെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഡി) ആധുനിക സംവിധാനങ്ങളും, പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരും ഉണ്ടായിട്ടും നെയ്യാറ്റിൻകരയിൽ യുവാവിന്റെ കൊലപാതകത്തിൽ പ്രതിയായ ഡി.വൈ.എസ്.പി, 9 ദിവസം ഒളിവിൽ കഴിയുന്നതിനും പിന്നീട് കല്ലമ്പലത്തെ സ്വന്തം വസതിയിൽ എത്തി ആത്മഹത്യ ചെയ്യുന്നതിനും ഇടയാക്കിയ സാഹചര്യം പോലീസിന്റെ പരാജയത്തെയല്ലേ സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(ഡി) സനൽകുമാറിന്റെ മരണവുമായി ബന്ധപ്പെട്ട കേസിലെ ഒന്നാം പ്രതിയായ DySP ഹരികുമാർ കൃത്യ സ്ഥലത്തു നിന്നും ടിയാന്റെ കാറിൽ രണ്ടാം പ്രതി ബിനുകുമാറുമൊത്ത് ഒളിവിൽ പോകുകയും മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്തതിനുശേഷം 2 പുതിയ സിം കാർഡുകൾ സംഘടിപ്പിക്കുകയും, തമിഴ്നാട്, കർണ്ണാടക, മധുര, മംഗലാപുരം, മൂകാംബിക തുടങ്ങിയ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും സഞ്ചരിച്ച സ്ഥലങ്ങളിൽ റൂമുകളൊന്നുമെടുക്കാതെ കാറിൽത്തന്നെ ഇടറോഡുകളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലുമൊതുക്കി താമസിച്ചു വന്നിരുന്നതുമാണ്. ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുവാൻ ശ്രമിച്ചെങ്കിലും ശാസ്ത്രീയ കുറ്റാന്വേഷണത്തെ സംബന്ധിച്ച് വ്യക്തമായി ബോധ്യമുള്ള പ്രതി വേണ്ട മുൻകരുതലുകൾ എടുത്തിരുന്നു. ടിയാന്റെ സഹായികളായ 3 ഉം 4 ഉം പ്രതികളെ അറസ്റ്റ് ചെയ്യുകയും ടിയാൻ മൊബൈൽ ഫോണിൽ ബന്ധപ്പെടാൻ സാധ്യതയുള്ള ആൾക്കാരെ ഒന്നൊന്നായി കണ്ടുപിടിച്ചും ടിയാന്റെ കല്ലമ്പലത്തുള്ള വീട്ടിലും, കുടുംബവീടായ കല്ലറയിലുള്ള കതിരുവിളയിലും നിരന്തരം പോലീസ് നിരീക്ഷണം നടത്തി ഊർജിതമായി അന്വേഷണം നടത്തി വരവേയാണ് ബോധപൂർവ്വം ആരുടെയും ശ്രദ്ധയിൽപ്പെടാതെ 12/11/2018-ന് രാത്രി കല്ലമ്പലത്തുള്ള ടിയാന്റെ പൂട്ടിക്കിടന്ന വീട്ടു പരിസരത്തെത്തി വിറകുപുരയിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തത്. ഇക്കാര്യത്തിൽ പോലീസിന് ഒരു പരാജയവും സംഭവിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ